## എ. അബ്ദുസ്സലാം സുല്ലമി

# വിമർശനവിധേയമായ ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും

**ആശയത്തെ** (മത്ന്) അടിസ്ഥാനമാക്കിയും പരമ്പരയെ (സനദ്) അടിസ്ഥാനമാക്കിയും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ചില ഹദീസുകളെ പൂർവികരായ ഹദീസ് പണ്ഡിതന്മാരും കർമശാസ്ത്ര പണ്ഡിതന്മാരും ഖുർആൻവ്യാഖ്യാതാക്കളും ദൈവശാസ്ത്ര പണ്ഡിതന്മാരും വിമർശിച്ചിട്ടുണ്ട്. ഹദീസുകളുടെ സ്വീകാര്യതക്ക് മാനദണ്ഡമായി സ്വീകരിക്കുന്ന പരിശുദ്ധ ഖുർആന്റെ അടിസ്ഥാനതത്ത്വങ്ങളും വിശ്വാസിസമൂഹം അംഗീകരിച്ചുപോന്ന പൊതുതത്ത്വങ്ങളും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസുകൾക്കും ബാധകമാണെന്നാണ് അവരുടെ വീക്ഷണം. ബുഖാരി, മുസ്‌ലിം ഉദ്ധരിച്ച ഹദീസുകളെ വിമർശിക്കൽ അനാചാരമോ ഹദീസ് നിഷേധമോ ആയി വ്യാഖ്യാനിക്കുന്ന പക്ഷം സർവ ഹദീസ് പണ്ഡിതന്മാരെയും ഇമാമുമാരെയും ഹദീസ് നിഷേധികളും അനാചാരത്തിന്റെ പ്രചാരകന്മാരുമായി അവതരിപ്പിക്കേണ്ടിവരും. ബുഖാരി സ്ഥിരപ്പെടുത്തിയ ഹദീസുകൾ ചിലപ്പോൾ മുസ്‌ലിമിന്റെയും മുസ്‌ലിം സ്ഥിരപ്പെടുത്തിയ ചില ഹദീസുകൾ ബുഖാരിയുടെയും വീക്ഷണത്തിൽതന്നെ ദുർബലമായതുമായിരിക്കും. ഹദീസ് അംഗീകരിക്കാനുള്ള അടിസ്ഥാനനിയമങ്ങളിൽ പോലും ഹദീസ് പണ്ഡിതന്മാർക്കിടയിൽ ഭിന്നതയും നിലനിൽക്കുന്നു. ചുരുക്കത്തിൽ, ഹദീസുകൾതന്നെ പ്രമാണമല്ലെന്ന് വാദിക്കലും വിശ്വസിക്കലുമാണ് ഹദീസ് നിഷേധം. അല്ലാതെ ഏതെങ്കിലും ഒരു ഹദീസിനെ നിരൂപണം നടത്തുന്നത് ഹദീസ് നിഷേധമല്ല.

പരിശുദ്ധ ഖുർആൻ മാത്രമാണ് സർവ സംശയങ്ങ



ളിൽനിന്നും സുരക്ഷിതമായ ഏക ഗ്രന്ഥം. അതിലെ മുഴുവൻ സൂക്തങ്ങളും മുതവാതിറായി (യാദൃഛികമായോ മനഃപൂർവമായോ തെറ്റ് സംഭവിക്കാൻ സാധ്യതയില്ലാത്തവിധം ധാരാളം ആളുകൾ നിവേദനം ചെയ്യുന്നത്) ലഭിച്ചതാണ്. ഹദീസുകൾ ഒഴിവാക്കിയാൽ ഖുർആൻ നിർദേശിക്കുന്ന അനുഷ്ഠാനകർമങ്ങൾ പോലും നിർവഹിക്കാൻ സാധ്യമല്ലാതെ വരും. ഖുർആൻ വ്യാഖ്യാനിക്കേണ്ടതായ ഒരു നിയമഗ്രന്ഥം കൂടിയാണ്. ഖുർആൻ വ്യാഖ്യാനത്തിൽ ഹദീസിന്റെ പങ്കിനെ നിഷേധിക്കുന്നവർ ഖുർആൻ ശരിയായി ഗ്രഹിച്ചിട്ടില്ലാത്തവരായിരിക്കും. ഹദീസിന്റെ പ്രാമാണികതയെ തന്നെ നിഷേധിക്കൽ ഖുർആൻ നിഷേധംതന്നെയാണ്. പ്രവാചകനിൽനിന്ന് ഹദീസുകൾ നാം നേരിട്ടു കേൾക്കുകയോ അല്ലെങ്കിൽ പരിശുദ്ധ ഖുർആൻ ക്രോഡീകരിക്കപ്പെട്ടതുപോലെ ഹദീസുകൾ ക്രോഡീകരിക്കപ്പെടുകയോ ചെയ്തിരുന്നുവെങ്കിൽ സർവ ഹദീസുകളും അംഗീകരിക്കാൻ നാം ബാധ്യസ്ഥരായേനെ- അവ നിയമങ്ങളുമായി യോജിക്കുന്നുണ്ടോ ഇല്ലേ എന്ന് പരിശോധിക്കാതെ തന്നെ. നമ്മുടെ ബുദ്ധിക്കും വിജ്ഞാനത്തിനും വീക്ഷണത്തിനും ഹദീസുകൾ അംഗീകരിക്കുന്ന വിഷയത്തിൽ അപ്പോൾ യാതൊരു ഇടവും ഉണ്ടാവുകയില്ല; വ്യാഖ്യാനിക്കുന്നതിനു മാത്രമാണ് ഇടമുണ്ടാവുക- പരിശുദ്ധ ഖുർആൻ പോലെ.

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസുകളെ പൂർവികരായ പണ്ഡിതന്മാർ വിമർശിച്ചതിന് ചില ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു. വിമർശനങ്ങൾ ഈ ലേഖകൻ അംഗീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നില്ല. നാം മുകളിൽ വിവരിച്ച തത്ത്വങ്ങൾ സ്ഥാപിക്കുക മാത്രമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. വിമർശനങ്ങൾ മൊത്തം ശരിയാണെന്ന് വായനക്കാരും ധരിക്കേണ്ടതില്ല. ലേഖകൻ എടുത്തു കാണിക്കുന്ന ഉദ്ധരണികൾ അതത് കിതാബുകളിൽ ഉള്ളത് മാത്രമാണ്. സംശയമുള്ളവർ പരിശോധിച്ച് ഉറപ്പുവരുത്തുക.

* നബി(സ) വുദൂഇന്റെ സന്ദർഭത്തിൽ തലപ്പാവിൻമേൽ തടവി എന്ന് പ്രസ്താവിക്കുന്ന ബുഖാരിയിലെ 205-ാം നമ്പർ ഹദീസിനെ സംബന്ധിച്ച് പണ്ഡിതന്മാർ ചർച്ച ചെയ്യുന്നത് കാണുക: ഇബ്നു ഖത്വാൽ(റ) ഉസൈലി(റ)യിൽനിന്ന് ഒറ്റപ്പെട്ട നിലക്ക് ഉദ്ധരിച്ചതാണ്. അതിൽ അദ്ദേഹം പറയുന്നു: 'ഈ ഹദീസിൽ നബി(സ) തലപ്പാവിന്മേൽ തടവി എന്ന് പറയുന്നത് നിവേദകനായ ഔസാഈ(റ)യുടെ പിഴവാണ്... പുറമെ പരമ്പര മുറിഞ്ഞതുമാണ് ഈ ഹദീസ്. അബൂസലമ എന്ന നിവേദകൻ അംറിൽനിന്ന് ഹദീസ് കേട്ടിട്ടില്ല.' ഇമാം ഖത്വാബി(റ) പറയുന്നു: 'അല്ലാഹു ഖുർആനിൽ തലതടവൽ നിർബന്ധമാക്കി. തലപ്പാവിന്മേൽ തടവി എന്ന് പറയുന്ന ഹദീസ് വ്യാഖ്യാനത്തിനു സാധ്യതയുള്ളതാണ്. അതിനാൽ സാധ്യതയുള്ളതിന് പകരമായി ഉറപ്പായതിനെ ഉപേക്ഷിക്കുകയില്ല." (*ഫത്ഹുൽ ബാരി* 1/569).

* ഉസ്മാനി(റ)ൽനിന്ന് നിവേദനം: ഒരാൾ തന്റെ ഭാര്യയുമായി ലൈംഗികബന്ധം സ്ഥാപിക്കുകയും ഇന്ദ്രിയസ്ഖലനം ഉണ്ടാവുന്നതിന് മുമ്പുതന്നെ വിരമിക്കുകയും ചെയ്താൽ അവൻ കുളിക്കേണ്ടതുണ്ടോ എന്ന് സൈദുബ്നു ഖാലിദ് അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ ഉസ്മാൻ(റ) പറഞ്ഞു: നമസ്കാരത്തിന് വുദൂ എടുക്കുന്നതുപോലെ വുദൂ എടുക്കുകയും ജനനേന്ദ്രിയം കഴുകുകയും ചെയ്താൽ മാത്രം മതി. ഞാനത് നബി(സ)യിൽനിന്ന് കേട്ടിട്ടുണ്ട്. അപ്പോൾ ഞാൻ ഈ വിഷയത്തെക്കുറിച്ച് അലി(റ), സുബൈർ(റ), ത്വൽഹ(റ), ഉബയ്യ്(റ) എന്നിവരോട് ചോദിച്ചു. അവരും ഉസ്മാൻ പറഞ്ഞതുപോലെ കുളിക്കേണ്ടതില്ല എന്ന് പറഞ്ഞു. അബൂഅയ്യൂബും(റ) ഇത് നബിയിൽനിന്ന് കേട്ടിട്ടുണ്ട് (ബുഖാരി, ഹദീസ് നമ്പർ: 292, മുസ്‌ലിം: 346).

അഹ്മദിൽനിന്ന് അസ്റം ഉദ്ധരിക്കുന്നു: 'ഹദീസിന്റെ പരമ്പരയിലുള്ള സൈദ്ബ്നു ഖാലിദിന്റെ ഈ ഹദീസ് രോഗം ബാധിച്ചതാണ്. അതിന് കാരണം, ഈ അഞ്ച് സ്വഹാബിമാരിൽനിന്നും ഈ ഹദീസിൽ പറയുന്നതിന് വിപരീതമായി മതവിധി സ്ഥിരപ്പെട്ടിട്ടുണ്ട് എന്നതാണ്. ഇബ്നു ശൈബ, അലിയ്യുബ്നു മദീനിയിൽനിന്ന് ഈ ഹദീസ് ശാദ്ദാണെന്ന് ഉദ്ധരിക്കുന്നു' (*ഫത്ഹുൽ ബാരി* 2/66). ദുർബലമായ ഹദീസിന്റെ ഒരിനമാണ് ശാദ്ദ്. പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇമാം ദാറഖുത്‌നി(റ) പരമ്പര നോക്കിത്തന്നെ ഈ ഹദീസിനെ വിമർശിച്ചിട്ടുണ്ട്.

* ഇമാം ബുഖാരി 1854-ാം നമ്പറായും ഇമാം മുസ്‌ലിം 1335-ാം നമ്പറായും ഉദ്ധരിച്ച ഹദീസുകൾ ഇമാം മാലികിന് ലഭിച്ചിട്ടുണ്ടെങ്കിലും ഹദീസിൽ പറയുന്ന സംഗതി പരിശുദ്ധ ഖുർആന്റെ ബാഹ്യമായ ആശയത്തിന് എതിരായതിനാൽ അദ്ദേഹം ഹദീസിനെ ഉപേക്ഷിച്ച്, ഖുർആന്റെ ബാഹ്യാർഥത്തിന് മുൻഗണന നൽകി, ഒരാൾക്ക് പകരമായി മറ്റൊരാൾ ഹജ്ജ് ചെയ്യാൻ പാടില്ലെന്ന് പറയുന്നു. (*ഫത്ഹുൽ ബാരി* 5-511).

* ഇമാം ബുഖാരി 1953-ാം നമ്പറായും ഇമാം മുസ്‌ലിം 1148-ാം നമ്പർ ഹദീസായും ഉദ്ധരിച്ച ഇബ്നു അബ്ബാസിന്റെ ഹദീസിനെ സംബന്ധിച്ച് ഇബ്നു ഹജർ (റ) പറയുന്നു: 'ഖാദീ ഇയാദിനെ(റ) പിൻപറ്റി ഇമാം ഖുർത്വുബി(റ) പറയുന്നത് ഈ

**ആശയത്തെ (മത്ന്) അടിസ്ഥാനമാക്കിയും പരമ്പരയെ (സനദ്) അടിസ്ഥാനമാക്കിയും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ചില ഹദീസുകളെ പൂർവികരായ ഹദീസ് പണ്ഡിതന്മാരും കർമശാസ്ത്ര പണ്ഡിതന്മാരും ഖുർആൻവ്യാഖ്യാതാക്കളും ദൈവശാസ്ത്ര പണ്ഡിതന്മാരും വിമർശിച്ചിട്ടുണ്ട്. ഹദീസുകളുടെ സ്വീകാര്യതക്ക് മാനദണ്ഡമായി സ്വീകരിക്കുന്ന പരിശുദ്ധ ഖുർആന്റെ അടിസ്ഥാനതത്ത്വങ്ങളും വിശ്വാസിസമൂഹം അംഗീകരിച്ചുപോന്ന പൊതുതത്ത്വങ്ങളും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസുകൾക്കും ബാധകമാണെന്നാണ് അവരുടെ വീക്ഷണം. ബുഖാരി, മുസ്‌ലിം ഉദ്ധരിച്ച ഹദീസുകളെ വിമർശിക്കൽ അനാചാരമോ ഹദീസ് നിഷേധമോ ആയി വ്യാഖ്യാനിക്കുന്ന പക്ഷം സർവ ഹദീസ്പണ്ഡിതന്മാരെയും ഇമാമുമാരെയും ഹദീസ്നിഷേധികളും അനാചാരത്തിന്റെ പ്രചാരകന്മാരുമായി അവതരിപ്പിക്കേണ്ടിവരും.**

ഹദീസ് കുഴഞ്ഞുമറിഞ്ഞതാണെന്നാണ്. (*ഫത്ഹുൽ ബാരി* 5/711)

* നബിപത്നി സ്വഫിയ്യ(റ) പറയുന്നു: "റമദാനിലെ അവസാനത്തെ പത്തിൽ നബി(സ) പള്ളിയിൽ ഇഅ്തികാഫിരുന്നപ്പോൾ ഞാൻ നബി(സ)യെ സന്ദർശിച്ചു. കുറേ സമയം സംസാരിച്ച ശേഷം തിരിച്ചുപോന്നു. യാത്രയയക്കാൻ നബി(അ) അവരെ അനുഗമിച്ചു. ഉമ്മുസലമ(റ)യുടെ വീട്ടിനടുത്തുള്ള പള്ളിയുടെ വാതിൽക്കലെത്തിയപ്പോൾ രണ്ട് അൻസ്വാരി സ്വഹാബിമാർ ആ വഴി കടന്നുപോയി. അവർ നബിക്ക് സലാം ചൊല്ലി. നബി(അ) അവരോട് പറഞ്ഞു: നിങ്ങളിവിടെ നിൽക്കുവിൻ. ഇവൾ സ്വഫിയ്യയാണ്. അവർ പറഞ്ഞു: 'സുബ്ഹാനല്ലാഹ്! പ്രവാചകരേ!' നബി(സ)യുടെ സംശയനിവാരണം അവരെ സങ്കടപ്പെടുത്തി. നബി(അ)അരുളി: ശരീരത്തിൽ രക്തം സഞ്ചരിക്കുന്നിടങ്ങളിലെല്ലാം പിശാചും സഞ്ചരിക്കും. അവൻ നിങ്ങളുടെ മനസ്സിൽ വല്ല തെറ്റുധാരണയും ഉണ്ടാക്കിക്കളയുമോ എന്ന് ഞാൻ ഭയപ്പെട്ടു." (ബുഖാരി, ഹദീസ് നമ്പർ: 2035, മുസ്‌ലിം: 2175).

സ്വഫിയ്യ(റ)യുടെ ഈ ഹദീസിന്റെ സംഭവ്യതയെ വിദൂരമായി കണ്ട് വിമർശിക്കുകയാണ് ഇമാം ബസ്സാർ. (*ഫത്ഹുൽ ബാരി* 6/51)

പ്രസിദ്ധ ഹദീസ് പണ്ഡിതനാണ് ഇമാം ബസ്സാർ(റ). ബുഖാരിയിലെ ഹദീസിനെ വിമർശിച്ചത് കാരണം അദ്ദേഹത്തെ ആരാണ് ഹദീസ് നിഷേധിയായി അവതരിപ്പിക്കുക?

* അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: 'നബി(സ) അരുളി: സവാരി ചെയ്യുന്ന മൃഗത്തെ ഒരാൾ പണയം വാങ്ങിയാൽ അതിന് തീറ്റക്കും മറ്റും ചെലവ് ചെയ്യേണ്ടിവരുന്നതുകൊണ്ട് അതിന്മേൽ സവാരി ചെയ്യാം. അപ്രകാരം തന്നെ പാൽ കറന്ന് കുടിക്കുകയും ചെയ്യാം.' (ബുഖാരി 2511)

"ഭൂരിപക്ഷം പറയുന്നത്, പണയവസ്തു സ്വീകരിച്ചവൻ പണയവസ്തുവിൽനിന്ന് യാതൊരു ഉപകാരവും എടുക്കാൻ പാടില്ലെന്നതാണ് (ഹദീസിന്റെ ആശയത്തെ അവർ അംഗീകരിക്കുന്നില്ല). ഹദീസ് രണ്ടു വിധത്തിൽ ഖിയാസിന് വിരുദ്ധമായി വരുന്നതിനാൽ ഹദീസിനെ വ്യാഖ്യാനിച്ച് അവർ ആശയത്തെ വർജിക്കുന്നു. ഒന്ന്, ഉടമസ്ഥന്റെ സമ്മതമില്ലാതെ അവന്റെ ധനം അനുഭവിക്കുന്നതിനെ (വാഹനം കയറിയും പാൽ കുടിച്ചും) ഹദീസ് അനുവദനീയമാക്കുന്നു. രണ്ട്, ചെലവിനെക്കുറിച്ചാണ് ഹദീസിൽ പറയുന്നത്. അതിന്റെ വിലയെക്കുറിച്ചല്ല. ഇബ്നു അബ്ദിൽ ബർറ്(റ) പറയുന്നു: 'ഭൂരിപക്ഷം കർമശാസ്ത്ര പണ്ഡിതന്മാരുടെ അടുത്ത് ഈ ഹദീസ് തള്ളപ്പെട്ടതാണ്. പൊതു യോജിപ്പുള്ള ചില അടിസ്ഥാനതത്ത്വങ്ങളുടെയും ഭിന്നതയില്ലാത്ത ചില സ്ഥിരപ്പെട്ട ഹദീസുകളുടെ അടിസ്ഥാനത്തിലും' (*ഫത്ഹുൽ ബാരി* 6/634). യഥാർഥത്തിൽ ഹദീസിൽ പറയുന്ന സംഗതി പരിശുദ്ധ ഖുർആൻവരെ അംഗീകരിക്കുന്ന പൊതുതത്ത്വമാണ്. എന്നിട്ടും ഭൂരിപക്ഷം മുസ്‌ലിംപണ്ഡിതന്മാർ ബുഖാരി ഉദ്ധരിച്ച ഈ ഹദീസിന്റെ ആശയത്തെ അംഗീകരിക്കുന്നില്ല.


* അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) അരുളി: 'ഇസ്രാഈൽവംശത്തിലെ ഒരു വിഭാഗം ആളുകളെ ഒരിക്കൽ കാണാതായി. അവർക്കെന്തു സംഭവിച്ചുവെന്ന് യാതൊരു അറിവുമില്ല. ഇക്കാണുന്ന എലികൾ അവർ രൂപം മാറ്റപ്പെട്ടതാണെന്നാണ് എന്റെ അഭിപ്രായം. ആ എലികളുടെ മുമ്പിൽ ഒട്ടകത്തിന്റെ പാൽ വെച്ചുകൊടുത്താൽ അവ കുടിക്കുകയില്ല. ആട്ടിൻപാൽ വെച്ചു കൊടുത്താൽ അവ കുടിക്കുകയും ചെയ്യും. ഈ ഹദീസ് ഞാൻ (അബൂഹുറയ്റ) കഅ്ബിനു പറഞ്ഞു കൊടുത്തപ്പോൾ കഅ്ബ് ചോദിച്ചു: 'നബി(സ) ഇപ്രകാരം അരുളുന്നത് നിങ്ങൾ നേരിൽ കേട്ടിട്ടുണ്ടോ? അതെയെന്ന് ഞാൻ മറുപടി നൽകി. അദ്ദേഹം ഈ ചോദ്യം പല പ്രാവശ്യം ആവർത്തിച്ചപ്പോൾ ഞാൻ പറഞ്ഞു: ഞാൻ തൗറാത്ത് വായിക്കാറുണ്ടോ?' (ബുഖാരി 3305, മുസ്‌ലിം 2997)

പ്രഗത്ഭ ഹദീസ്പണ്ഡിതനായ ഇബ്നു ഖുതൈബ:(റ) ഈ ഹദീസ് സ്ഥിരപ്പെട്ടതാണോ എന്ന് സംശയിക്കുന്നു. ഇബ്നു ഹജർ(റ) ഈ ഹദീസിനെ ഇബ്നു മസ്ഊദി(റ)ന്റെ മറ്റൊരു ഹദീസ് ഉദ്ധരിച്ച് ഖണ്ഡിക്കുന്നു. (*ഫത്ഹുൽ ബാരി* 8/112)

അബൂദർറ്(റ) നിവേദനം: ഞാൻ ചോദിച്ചു: ദൈവദൂതരേ! ആദ്യമായി ഭൂമിയിൽ സ്ഥാപിതമായ പള്ളി ഏതാണ്? നബി(സ) അരുളി: മസ്ജിദുൽ ഹറാം. പിന്നീട് ഏത് പള്ളിയാണെന്ന് ഞാൻ ചോദിച്ചു: നബി(സ) അരുളി: ബൈത്തുൽ മഖ്ദിസ്. എത്ര കൊല്ലം ഇടവിട്ടാണ് അവ രണ്ടും സ്ഥാപിതമായത്? നബി(സ) അരുളി: നാൽപതു കൊല്ലം ഇടവിട്ട്. (ബുഖാരി 3366, മുസ്‌ലിം 520)

ഇബ്നു ജൗസി(റ) പറയുന്നു: 'ഈ ഹദീസിൽ സംശയമുണ്ട്. ഇബ്റാഹീമാണ് കഅ്ബ നിർമിച്ചത്. സുലൈമാൻ ബൈത്തുൽ മഖ്ദിസും നിർമിച്ചു. അവർ രണ്ടു പേർക്കുമിടയിൽ ആയിരത്തിലധികം വർഷമുണ്ട്' (*ഫത്ഹുൽ ബാരി* 8/199). പ്രഗത്ഭ ഹദീസ് പണ്ഡിതനാണ് ഇബ്നു ജൗസി(റ). അദ്ദേഹമാണ് ഇമാം ബുഖാരിയും മുസ്‌ലിമും ഏകോപിച്ച് ഉദ്ധരിച്ച ഹദീസിനെ സംബന്ധിച്ച് സംശയം പ്രകടിപ്പിക്കുന്നത്.

* അംറുബ്നു മൈമൂൻ(റ) നിവേദനം: ജാഹിലിയ്യാ കാലത്ത് ഒരു കുരങ്ങിനെ ഞാൻ കണ്ടു. വ്യഭിചാരിണിയായ അവളെ കുരങ്ങന്മാർ ഒരുമിച്ചുകൂടി എറിഞ്ഞുകൊന്നു. ഞാനും അവരുടെ കൂടെ അതിനെ കല്ലെറിഞ്ഞു. (ബുഖാരി 3849)



ഈ ഹദീസ് ബുഖാരിയുടെ നസഫിപോലെയുള്ള പ്രസിദ്ധരായവരുടെ നിവേദനത്തിൽ കാണുക പോലുമില്ല. അതിനാൽ ഹുമൈദി(റ)യെ പോലുള്ളവർ പറയുന്നത് ഇപ്രകാരമാണ്: "ബുഖാരിയുടെ ഗ്രന്ഥത്തിൽ ആലോചന കൂടാതെ തള്ളിക്കയറിയ ഹദീസുകളിൽ പെട്ടതായിരിക്കും ഇത്." (*ഫത്ഹുൽ ബാരി* 8/805,806)

وقد استنكر ابن عبدالبرّ قصّة عمربن ميمون هذه وقال: فيها إضافة الزنا
إلي غيرمكلّف وإقامة الحد على البهائم وهذا منكر عند إهل العلم (فتح الباري)

"ഇബ്നു അബ്ദിൽ ബർറ്(റ) അംറുബ്നു മൈമൂനിന്റെ ഈ കഥയെ അസ്വീകാര്യമായി കാണുന്നു. കാരണം ഈ ഹദീസിൽ നിയമം ബാധകമല്ലാത്ത ജീവികളിലേക്ക് വ്യഭിചാരത്തെ ചേർക്കുകയും മൃഗങ്ങളുടെ മേൽ ശിക്ഷാനടപടി നടപ്പാക്കണമെന്ന് പറയുകയും ചെയ്യുന്നു. വിവരമുള്ളവരുടെ അടുത്ത് ഇത് അസ്വീകാര്യമാണ്." ( *ഫത്ഹുൽ ബാരി* 8/805)

* കഅ്ബുബ്നു മാലിക്(റ) പറയുന്നു: മറാറത്തുബ്നു റബീഅ്(റ), ഹിലാലുബ്നു ഉമയ്യ(റ) എന്നിവരെ സംബന്ധിച്ച് അവർ രണ്ടുപേരും ബദ്റിൽ പങ്കെടുത്ത രണ്ട് പുണ്യവാളന്മാരാണെന്ന് പറയുകയുണ്ടായി. (ബുഖാരി 3989)

ഇമാം ദിംയാത്വീ(റ) ഈ ഹദീസിനെ നിഷേധിക്കുന്നു. കാരണം മറാറത്തും ഹിലാലും ബദ്റിൽ പങ്കെടുത്തിട്ടില്ല. ഇബ്നു ഖയ്യിം(റ) തന്റെ സാദുൽ മആദിലും ഈ ഹദീസിനെ നിഷേധിക്കുന്നു. ഇവർ രണ്ടു പേരും ബദ്റിൽ പങ്കെടുത്തവരായിരുന്നുവെങ്കിൽ നബി(സ) ഇവരെ ബഹിഷ്കരിച്ച് കൊണ്ട് ശിക്ഷിക്കുകയില്ല. ഹാത്വിബുബ്നു അബീബൽതഅത്തിന് നബി(സ) വിട്ടുവീഴ്ച ചെയ്തതുപോലെ ശിക്ഷിക്കാതെ വിട്ടുവീഴ്ച ചെയ്യുമായിരുന്നു. ഈ ഹദീസിനെ സംബന്ധിച്ച് താൻ അത്ഭുതപ്പെടുന്നുവെന്നും ഇതു മനുഷ്യർക്ക് സംഭവിക്കുന്ന പിഴവാണെന്നും ഇവർ രണ്ടു പേരും ബദ്റിൽ പങ്കെടുത്തവരാണെന്ന് ഒരാളും പ്രസ്താവിച്ചിട്ടില്ലെന്നും പ്രഖ്യാപിച്ച് ഹദീസ് പണ്ഡിതന്മാരുടെ ഇമാമായ ഇബ്നു ജൗസി(റ)യും ഈ ഹദീസിനെ ഖണ്ഡിക്കുന്നു." (*ഫത്ഹുൽ ബാരി* 9/233)

* ബുഖാരി 4251-ാം നമ്പർ ഹദീസായി ഉംറത്തുൽ ഖളാഅ്എന്ന അധ്യായത്തിൽ ഉദ്ധരിച്ച ഹദീസിനെ സംബന്ധിച്ച് ഇബ്നു ഹജർ: 'ഈ ഹദീസിൽ മറ്റുള്ളവരുടെ വാക്കുകൾ കടന്നുകൂടിയിട്ടുണ്ടെന്ന് ഇമാം ബൈഹഖി പറയുന്നു.' (*ഫത്ഹുൽ ബാരി* 9/543)

* അബൂഹുറയ്റ(റ) നിവേദനം: 'നബി(സ) അരുളി: ആദമിന്റെ സന്താനങ്ങൾ ജനിക്കുമ്പോൾ പിശാച് അവനെ കുത്തുന്നു. അപ്പോൾ അവൻ പിശാചിന്റെ കുത്തു കാരണം ഉറക്കെ കരയുന്നു. മർയമും അവളുടെ മകനും ഒഴികെ.' (ബുഖാരി 4548, മുസ്‌ലിം 2366)

ഈ ഹദീസിന്റെ ആശയത്തെ തഫ്സീർ കശ്ശാഫിന്റെ രചയിതാവ് വിമർശിച്ചിട്ടുണ്ട്. ഹദീസിന്റെ സ്വീകാര്യതയിൽ അദ്ദേഹം സംശയിക്കുന്നു. അതുപോലെ ഇമാം ഫഖ്റുദ്ദീൻ റാസി(റ)യും .... ഇത് ഒറ്റപ്പെട്ട ഹദീസാണ്, വ്യക്തമായ തെളിവുകൾക്ക് എതിരായി വന്നിട്ടുള്ളതും. പിശാച് ഉപദ്രവിക്കുക നന്മയും തിന്മയും തിരിച്ചറിയാൻ പ്രായമായവരെയാണ്. ജനിക്കുന്ന കുട്ടികളെയല്ല. പിശാചിന് കുത്തി വേദനിപ്പിച്ച് കുട്ടികളെ കരയിപ്പിക്കാൻ സാധിക്കുമെങ്കിൽ അവൻ ഈ കഴിവുകൊണ്ട് ഇതിനേക്കാൾ വർധിച്ച നാശങ്ങളും കുഴപ്പങ്ങളുമാണ് ഉണ്ടാക്കുക. പുറമെ, ഈസാക്കും മർയമിനും മാത്രം ഈ വിഷയത്തിൽ മറ്റുള്ളവർക്കില്ലാത്ത യാതൊരു പ്രത്യേകതയുമില്ല.' (*ഫത്ഹുൽ ബാരി* 10/91)

ബുഖാരിയുടെ കിതാബുത്തഫ്സീറിൽ സൂറഃ *അൽമാഇദ*യിലെ 103-ാം സൂക്തമായ 'മാജഅലല്ലാഹു മിൻ ബഹീറത്തിൻ...' എന്ന സൂക്തത്തോട് അനുബന്ധിച്ച് ഇപ്രകാരം പറയുന്നു: ഇബ്നു അബ്ബാസ്(റ) പറയുന്നു: 'നിന്നെ പൂർണമായി പിടിച്ചെടുക്കുന്നവനാണ് ഞാൻ (മുതവഫ്ഫീക), എന്ന് പറഞ്ഞാൽ ഉദ്ദേശ്യം ഞാൻ നിന്നെ മരിപ്പിക്കുന്നവനാണ് എന്നാണ്. യഥാർഥത്തിൽ ഈ സൂക്തഭാഗം സൂറഃ *ആലുഇംറാനിൽ* പെട്ടതാണ്. ഇപ്രകാരം സംഭവിക്കാനുള്ള ഒരു കാരണം ഇബ്നു ഹജർ(റ) പറയുന്നത് കാണുക: 'ഈ സൂക്തം ഇവിടെയാണ് സ്ഥിരപ്പെടുത്തിയിരിക്കുന്നത്. ഈ പദം സൂറഃ *ആലുഇംറാനിൽ* ഉൾപ്പെട്ടതാണ്. ചില നിവേദകന്മാർ ഇത് സൂറഃ *അൽമാഇദ*യിൽ പെട്ടതാണെന്ന് തെറ്റുധരിച്ച്, അതിന്റെ കൂടെ എഴുതിയതുപോലെയുണ്ട്' (*ഫത്ഹുൽ ബാരി* 10/202). ഇത്തരം ന്യൂനതകളിൽനിന്ന് ബുഖാരിയുടെ കൃതി മോചിതമല്ലെന്ന് ഇബ്നു ഹജർ(റ) വ്യക്തമാക്കുന്നു.

* ഇബ്നു ഉമർ(റ) നിവേദനം: 'അബ്ദുല്ലാഹിബ്നു ഉബയ്യ് മരിച്ചപ്പോൾ മകൻ നബി(സ)യുടെ അടുത്തുവന്ന് പറഞ്ഞു: പ്രവാചകരേ! അങ്ങയുടെ കുപ്പായം എനിക്ക് തന്നാലും. എന്റെ പിതാവിനെ അതിൽ എനിക്ക് കഫൻ ചെയ്യാനാണ്.



**പരിശുദ്ധ ഖുർആൻ മാത്രമാണ് സർവ സംശയങ്ങളിൽ നിന്നും സുരക്ഷിതമായ ഏക ഗ്രന്ഥം. അതിലെ മുഴുവൻ സൂക്തങ്ങളും മുതവാതിറായി (യാദൃച്ഛികമായോ മനഃപൂർവമായോ തെറ്റ് സംഭവിക്കാൻ സാധ്യതയില്ലാത്തവിധം ധാരാളം ആളുകൾ നിവേദനം ചെയ്യുന്നത്) ലഭിച്ചതാണ്. ഹദീസുകൾ ഒഴിവാക്കിയാൽ ഖുർആൻ നിർദേശിക്കുന്ന അനുഷ്ഠാനകർമങ്ങൾ പോലും നിർവഹിക്കാൻ സാധ്യമല്ലാതെ വരും. ഖുർആൻ വ്യാഖ്യാനിക്കേണ്ടതായ ഒരു നിയമഗ്രന്ഥം കൂടിയാണ്. ഖുർആൻ വ്യാഖ്യാനത്തിൽ ഹദീസിന്റെ പങ്കിനെ നിഷേധിക്കുന്നവർ ഖുർആൻ ശരിയായി ഗ്രഹിച്ചിട്ടില്ലാത്തവരായിരിക്കും. ഹദീസിന്റെ പ്രാമാണികതയെ തന്നെ നിഷേധിക്കൽ ഖുർആൻ നിഷേധംതന്നെയാണ്.**

നബി(സ) തന്റെ കുപ്പായം അവന് നൽകുകയും അതിൽ അയാളെ കഫൻ ചെയ്യാൻ കൽപിക്കുകയും ചെയ്തു. ശേഷം അയാൾക്ക് നമസ്കരിക്കാൻ വേണ്ടി എഴുന്നേറ്റു നിന്നു. അപ്പോൾ ഉമർ(റ) നബി(സ)യുടെ കുപ്പായം പിടിച്ചുകൊണ്ട് ചോദിച്ചു: താങ്കൾ അയാൾക്ക് നമസ്കരിക്കുകയാണോ? അയാൾ കപടവിശ്വാസിയാണ്. അല്ലാഹു അവർക്ക് പാപമോചനം തേടുന്നതിനെ താങ്കളോട് വിരോധിച്ചിട്ടുണ്ട്. നബി(സ)അരുളി: അല്ലാഹു എനിക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അവൻ പറഞ്ഞു: (നീ പാപമോചനത്തിനായി പ്രാർഥിക്കുകയോ പ്രാർഥിക്കാതിരിക്കുകയോ ചെയ്യുക. നീ എഴുപത് പ്രാവശ്യം ആ കപടവിശ്വാസികളുടെ പാപമോചനത്തിന് പ്രാർഥിച്ചാലും അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല) ഞാൻ എഴുപതിലധികം അയാൾക്ക് വേണ്ടി വർധിപ്പിക്കുകയാണ്. അങ്ങനെ നബി(സ) അയാൾക്ക് വേണ്ടി നമസ്കരിച്ചു. ഞങ്ങളും അദ്ദേഹത്തിന്റെ കൂടെ നമസ്കരിച്ചു. അപ്പോൾ അല്ലാഹു വീണ്ടും അവതരിപ്പിച്ചു (ആ കപടവിശ്വാസികളിൽ ആര് മരിച്ചാലും അവരുടെ പേരിൽ നീ ഒരിക്കലും (മയ്യിത്ത്) നമസ്കരിക്കുകയോ അവന്റെ ഖബ്റിന്റെ അടുത്തു നിൽക്കുകയോ ചെയ്യരുത്). (ബുഖാരി: 4672, മുസ്‌ലിം: 2400)

ഇമാം ഗസ്സാലി(റ)ഈ ഹദീസിനെ സംബന്ധിച്ച് പറയുന്നത് കാണുക: "ഇത് ഒറ്റപ്പെട്ട ഹദീസാണ്.... ഏറ്റവും വ്യക്തമായത് ഈ ഹദീസ് സ്വഹീഹായതല്ല എന്നതാണ്. കാരണം, നബി(സ)യാണ് ഖുർആൻവചനത്തിന്റെ ആശയം ഉമറിനേക്കാൾ സൃഷ്ടികളിൽ ഏറ്റവും കൂടുതൽ അറിയുന്നവൻ.' (*മസ്തസ്ഫാ* 2/78)

* അബൂഹുറയ്റ(റ) നിവേദനം: 'നബി(സ) അരുളി... അല്ലാഹു തന്റെ കാൽപാദം വെക്കുംവരെ നരകം നിറയുകയില്ല. പാദം വെക്കുമ്പോൾ അത് പറയും: മതി, മതി. അതോടെ അതു നിറയും. നരകത്തിന്റെ വശങ്ങൾ ഒട്ടിപ്പിടിച്ച് ചുരുങ്ങിപ്പോകും. അല്ലാഹു തന്റെ ദാസന്മാരിൽ ആരോടും അനീതി കാണിക്കുകയില്ല. എന്നാൽ സ്വർഗത്തിലേക്ക് വേണ്ടി കുറേ പേരെ അല്ലാഹു പ്രത്യേകം സൃഷ്ടിക്കുക തന്നെ ചെയ്യും.' (ബുഖാരി: 4850, മുസ്‌ലിം: 2846)

"ഇബ്നു ജൗസി(റ) വാദിക്കുന്നത്: 'അവന്റെ കാൽപാദം' എന്നത് നിവേദകന്മാരിൽ ചിലർക്ക് പറ്റിയ വ്യതിയാനമാണ്. 'ഖദമ്' എന്നതിന്റെ വിവക്ഷ അവയവമാണെന്ന് തെറ്റുധരിച്ച് ആശയത്തിന്റെ അടിസ്ഥാനത്തിൽ ഉദ്ധരിച്ചു. അതിനാൽ പിഴവ് സംഭവിച്ചു. 'റിജ്‌ല' എന്നതിന്റെ ഉദ്ദേശ്യം ഹദീസ് സ്ഥിരപ്പെട്ടതായാൽ തന്നെ 'കാൽപാദം' എന്നല്ല, പ്രത്യുത 'സംഘം' എന്നാണ്. റിജ്‌ലും മിൻ ജറാദിൻ (വെട്ടുകിളിയുടെ കൂട്ടം) എന്ന് പറയുന്നതുപോലെ. അപ്പോൾ ഹദീസിന്റെ അർഥം അവസാനം ഒരു സംഘത്തെ നരകത്തിൽ ഇടും എന്നാണെന്ന് അദ്ദേഹം ഖണ്ഡിതമായി പറയുന്നു. 'കാൽപാദം' എന്ന് പറയുന്ന നിവേദനം സ്ഥിരപ്പെട്ടതല്ല എന്ന് ഇബ്നു ഫൗറക്ക് കടത്തിപ്പറയുകയും ചെയ്തിരിക്കുന്നു." (*ഫത്ഹുൽ ബാരി* 10/277)

അബുഹുറയ്റ(റ) നിവേദനം: നബി(സ) അരുളി: ഇബ്റാഹീം പരലോകത്ത് തന്റെ പിതാവിനെ കണ്ടുമുട്ടും. അപ്പോൾ അദ്ദേഹം പറയും: എന്റെ രക്ഷിതാവേ! പരലോകത്ത് എന്നെ അപമാനിക്കുകയില്ലെന്ന് എനിക്ക് നീ കരാർ നൽകിയിരുന്നല്ലോ. അപ്പോൾ അല്ലാഹു പറയും: സത്യനിഷേധിയുടെ മേൽ സ്വർഗം ഞാൻ നിഷിദ്ധമാക്കിയിട്ടുണ്ട്.' (ബുഖാരി: 4769)

**وقد استشكل الاسماعيلي هذا الحديث من اصله وطعن فى صحته فقال بعد أن إخراجه: هذا خبر فى صحته نظر من جهة أنّ إبراهيم علم أن الله لا يخلف الميعاد. فكيف يجعل ما هار لأبيه خزيا مع علمه بذ لك؟ وقال غيره: هذا الحديث مخالف لظاهر قوله تعالى** ( وَمَا كَانَ ٱسْتِغْفَارُ إِبْرَٰهِيمَ لِأَبِيهِ إِلَّا عَن مَّوْعِدَةٍ وَعَدَهَآ إِيَّاهُ فَلَمَّا تَبَيَّنَ لَهُۥٓ أَنَّهُۥ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ )– **فتح الباري.**

"ഇസ്മാഈലീ ഈ ഹദീസിന്റെ അടിത്തറതന്നെ കുഴഞ്ഞതായി കാണുകയും ഇതിന്റെ സ്വീകാര്യതയെ സംശയിക്കുകയും ചെയ്യുന്നു. ഈ ഹദീസ് ഉദ്ധരിച്ച ശേഷം അദ്ദേഹം അതിന്റെ സ്വീകാര്യതയിൽ വിമർശനമുണ്ടെന്ന് പറയുന്നു.



കാരണം അല്ലാഹു കരാർ ലംഘിക്കുകയില്ലെന്ന് ഇബ്റാഹീം മനസ്സിലാക്കിയിട്ടുണ്ട്. അപ്പോൾ ഈ അറിവ് ഉണ്ടായിരിക്കെ, തന്റെ പിതാവിന് സംഭവിച്ചത് എങ്ങനെയാണ് അദ്ദേഹം നിന്ദ്യമായി കാണുക? ചിലർ പറഞ്ഞു: ഈ ഹദീസ് അല്ലാഹുവിന്റെ (ഇബ്റാഹീം തന്റെ പിതാവിന് പാപമോചനം തേടിയത് അദ്ദേഹം നൽകിയ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല. അയാൾ അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായപ്പോൾ അതിൽനിന്നും അദ്ദേഹം മോചിതനായി) എന്ന വചനത്തിന് എതിരാണ്' (*ഫത്ഹുൽ ബാരി* 10/528). ബുഖാരിയുടെ ഹദീസുകൾ നിവേദനം ചെയ്യുന്ന പണ്ഡിതൻ കൂടിയാണ് ഇസ്മാഈൽ.

ഉർവ(റ) പറയുന്നു: 'നബിതിരുമേനി അബൂബക്റി(റ)നോട് ആഇശയെ വിവാഹം കഴിക്കാൻ ആലോചന നടത്തി. അബൂബക്ർ(റ) പറഞ്ഞു: ഞാൻ താങ്കളുടെ സഹോദരനാണ്. നബി(സ) അരുളി: അല്ലാഹുവിന്റെ മതത്തിലാണ് നീ എന്റെ

സഹോദരൻ. എങ്കിലും ആഇശ എനിക്ക് അനുവദനീയമാണ്. (ബുഖാരി: 5081)

"ഇമാം മുഗ്‌ല ത്വായി(റ) പറയുന്നു. ഈ ഹദീസിന്റെ സ്ഥിരപ്പെടലിൽ വിമർശനമുണ്ട്. കാരണം അബൂബക്റിന്റെ ഇടയിൽ നബി(സ) സഹോദര്യബന്ധം പ്രഖ്യാപിച്ചത് മദീനയിൽ വെച്ചാണ്. ആഇശ(റ)യുടെ വിവാഹാന്വേഷണം മക്കയിൽ വെച്ചുമാണ്. പുറമെ നബി(സ) നേരിട്ട് വിവാഹാലോചന നടത്തിയിട്ടുമില്ല." *(ഫത്ഹുൽ ബാരി* 11/371)

* ബുഖാരിയിൽ 'ബാബുൽഹദിയ്യതി ലിൽഅറൂസി' എന്ന അധ്യായത്തിൽ 5163-ാം നമ്പറായും മുസ്‌ലിമിൽ 1428-ാം നമ്പറായും ഉദ്ധരിച്ച ഹദീസിനെ സംബന്ധിച്ച് ഇബ്നു ഹജർ(റ) ഉദ്ധരിക്കുന്നു: "ഈ ഹദീസിൽ പറയുന്ന സംഗതികളെ സംബന്ധിച്ച് ഇയാള് (റ) സംശയം പ്രകടിപ്പിക്കുന്നു. കാരണം സൈനബ(റ)യെ നബി(സ) വിവാഹം ചെയ്തപ്പോൾ ഉമ്മു സുലൈം(റ) സമ്മാനമായി നൽകിയ പായസം കൊണ്ടായിരുന്നു വിവാഹസദ്യ നൽകിയതെന്ന് ഈ ഹദീസിൽ പറയുന്നു. എന്നാൽ, ഏറ്റവും പ്രസിദ്ധപ്പെട്ടത്, നബി(സ) അവരെ വിവാഹം ചെയ്തപ്പോൾ പത്തിരിയും ഇറച്ചിയും വിവാഹസദ്യയായി നൽകി എന്നാണ്. ഈ ഭക്ഷണം അധികരിച്ച കഥയും പറയുന്നില്ല. ഈ ഹദീസിൽ നിവേദകന്മാരുടെ ഊഹം സംഭവിച്ചിട്ടുണ്ട്." (*ഫത്ഹുൽ ബാരി* 11/529)

* അനസ്(റ) പറയുന്നു: 'നബി(സ) ഒരു ദിവസം തന്റെ കൈയിൽ വെള്ളികൊണ്ട് ഒരു മോതിരം ഉണ്ടാക്കി ധരിച്ചു. ജനങ്ങളും വെള്ളികൊണ്ട് മോതിരം ഉണ്ടാക്കി ധരിച്ചു. ശേഷം നബി(സ) തന്റെ ആ വെള്ളിമോതിരം ഊരിയെറിഞ്ഞു. അപ്പോൾ ജനങ്ങളും അവരുടെ മോതിരം ഊരിയെറിഞ്ഞു.' (ബുഖാരി 5868, മുസ്‌ലിം 2093)

ഇമാം നവവി(റ) ഇയാളി(റ)നെ പിൻപറ്റി പറയുന്നു: സർവ ഹദീസ് പണ്ഡിതന്മാരും പറയുന്നത് ഈ ഹദീസ് നിവേദകനായ ഇബ്നു ശിഹാളിന്റെ ഊഹമാണെന്നതാണ്. ഊരി എറിയപ്പെട്ടത് വെള്ളിയുടെ മോതിരമല്ല, സ്വർണത്തിന്റെ മോതിരമാണ് (*ഫത്ഹുൽ ബാരി* 13/304). ബുഖാരിയും മുസ്‌ലിമും ഏകോപിച്ച് ഉദ്ധരിച്ച ഹദീസുകളിൽപോലും അബദ്ധവും പിഴവും ഊഹവും സംഭവിച്ചിട്ടുണ്ടെന്നതിൽ ഹദീസ് പണ്ഡിതന്മാരുടെ ഇജ്മാഅ് (ഏകാഭിപ്രായം)വരെ ഉണ്ടായിട്ടുണ്ടെന്നാണ് സാക്ഷാൽ ഇമാം നവവി(റ)യും ഖാദി ഇയാളും ഇവിടെ പറയുന്നത്.

* നബി(സ) പറഞ്ഞു: 'അല്ലാഹുവിനെക്കാൾ അഭിമാനരോഷമുള്ള ഒരു വ്യക്തിയും (ശഖ്സ്) ഇല്ല.' ഇപ്രകാരം ഒരു അധ്യായംതന്നെ *സ്വഹീഹ് ബുഖാരിയിൽ* കാണാം. (ഹദീസ് നമ്പർ 7416)

"ഇബ്നു ബത്വാൽ(റ) പറയുന്നു: അല്ലാഹുവിനെ സംബന്ധിച്ച് ശഖ്സ് (വ്യക്തി) എന്ന് വിശേഷിപ്പിക്കാൻ പാടില്ലെന്നതിൽ മുസ്‌ലിംസമുദായത്തിന്റെ ഏകോപിതാഭിപ്രായം (ഇജ്മാഅ്) ഉണ്ടായിട്ടുണ്ട്....... ഇത് നിവേദകന്റേതാണ്.' ഇമാം ഖത്വാബി(റ) പറയുന്നു. അല്ലാഹുവിനെ സംബന്ധിച്ച് വ്യക്തി എന്നു പറയുന്നതിനാൽ ഈ നിവേദനം അസ്ഥിരപ്പെട്ടിരിക്കുന്നു. ഇമാം ഖത്വാബി(റ) ഈ ഹദീസിനെ നിഷേധിക്കുന്നതിലും നിവേദകന് പിഴവ് സംഭവിച്ചിട്ടുണ്ടെന്ന് സ്ഥിരപ്പെടുത്തുന്നതിലും ശക്തി കൂട്ടി. അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ വിശേഷണങ്ങളിൽ 'വ്യക്തി' എന്ന് ചേർക്കുന്നത് അനുവദനീയമല്ല. വ്യക്തിക്ക് കൂട്ടിഘടിപ്പിച്ചതായ ശരീരം നിർബന്ധമാണ്. അതിനാൽ വ്യക്തി എന്ന പദം ശരിയായതല്ല. അത് നിവേദകന്റെ പിഴവാണ്." (*ഫത്ഹുൽ ബാരി* 17/287).

* അബൂ സഈദ് (റ) നിവേദനം: 'നബി(സ) അരുളി. അല്ലാഹു പറയും: ആദമേ! നിന്റെ വിളിക്ക് ഞാനിതാ ഉത്തരം നൽകിയിരിക്കുന്നു. നിന്നിലേക്ക് ഞാനിതാ വന്നിരിക്കുന്നു വെന്ന് അദ്ദേഹം പറയും. അല്ലാഹു ആദമിനോട് കൽപിക്കും: നരകത്തിലേക്കുള്ള സൈന്യത്തെ നീ പുറത്തിറക്കുക. ആദം ചോദിക്കും; എന്താണ് നരകത്തിലേക്കുള്ള സൈന്യം? അല്ലാഹു പറയും: ഒരായിരം മനുഷ്യരിൽനിന്നും 999 ആളുകളെ... (ബുഖാരി 7483, 3348, മുസ്‌ലിം 222)

"അബുൽ ഹസനുബ്നുൽ ഫദ്ൽ(റ) ഈ ഹദീസിന്റെ പരമ്പരയെ വിമർശിച്ചിട്ടുണ്ട്." (*ഫത്ഹുൽ ബാരി* 17/376)

* അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: സുലൈമാൻ പറഞ്ഞു: ഞാൻ ഒരു രാത്രിയിൽ 90 ഭാര്യമാരെ സന്ദർശിക്കും. എല്ലാവരും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന ഓരോ കുട്ടികളെ പ്രസവിക്കും. അപ്പോൾ മലക്ക് സുലൈമാനോട് പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് നീ പറയുക. അപ്പോൾ സുലൈമാൻ അത് അവഗണിച്ചു. അങ്ങനെ അവരെ അദ്ദേഹം സമീപിച്ചു. എങ്കിലും ഒരു സ്ത്രീ മാത്രമാണ് അവരിൽ പ്രസവിച്ചത്. അവൾ പ്രസവിച്ചതുതന്നെ ചാപ്പിള്ളയായിരുന്നു (ബുഖാരി 6720). സുലൈമാൻ പറഞ്ഞു: 'ഞാൻ ഒരു രാത്രിയിൽ നൂറ് ഭാര്യമാരെ അല്ലെങ്കിൽ 99 ഭാര്യമാരെ സമീപിക്കും.' മുഹമ്മദിന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവൻ തന്നെയാണ് സത്യം. അദ്ദേഹം അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് പറഞ്ഞിരുന്നുവെങ്കിൽ അവരെല്ലാം ഓരോ പടയാളികളെ പ്രസവിക്കുകതന്നെ ചെയ്യുമായിരുന്നു." (ബുഖാരി 2819, മുസ്‌ലിം 1653)

"അബൂ മൂസൽ മദനി(റ) പറയുന്നു: ഭാര്യമാരുടെ എണ്ണം ഹദീസിൽ പറഞ്ഞത് നബി(സ)യുടെ പ്രസ്താവനയല്ല. അത് നിവേദകന്മാരിൽ ചിലരുടേതാണ്.' കർമാനി(റ) പറയുന്നു. 'ഈ കഥയേക്കാൾ എണ്ണം പറയുന്നതിൽ വൈരുധ്യം കാണുന്ന മറ്റൊരു ഹദീസ് ബുഖാരിയിൽ ഇല്ല." (*ഫത്ഹുൽ ബാരി* 15/203)

* അബൂബുർദ(റ) നിവേദനം: നബി(സ) അരുളി: മര്യാദ പഠിപ്പിക്കാൻ പത്തിലധികം അടിക്കാൻ പാടില്ല. അല്ലാഹുവിന്റെ ശിക്ഷാ നടപടികളിൽ അല്ലാതെ. (ബുഖാരി 6848, മുസ്‌ലിം 1708)

"ഈ ഹദീസിൽ ആശയക്കുഴപ്പമുണ്ട്. അതിനാൽ തെളിവിന് കൊള്ളുകയില്ല എന്ന് ഉസൈലി(റ) പറയുന്നു. (*ഫത്ഹുൽ ബാരി* 15/483)

അബൂഹുറയ്റ(റ) നിവേദനം: 'നബി(സ)അരുളി: അല്ലാഹു പറഞ്ഞു: എന്റെ മിത്രത്തോട് വല്ലവനും ശത്രുത കാണിച്ചാൽ ഞാനിതാ അവന് സമരത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. മനുഷ്യനിൽ ഞാൻ ചുമത്തിയിരിക്കുന്ന ഫർദുകളേക്കാൾ എനിക്ക് പ്രിയങ്കരമായ യാതൊരു കർമം മുഖേനയും അവന് എന്നെ സമീപിക്കാൻ മാർഗമില്ല. എന്റെ ദാസൻ പുണ്യകർമങ്ങൾ (സുന്നത്തുകൾ) മുഖേന എന്നെ സമീപിച്ചുകൊണ്ടേയിരിക്കും. ഞാൻ അവനെ സ്നേഹിക്കുന്നതുവരെ. ഞാനവനെ സ്നേഹിച്ചുകഴിഞ്ഞാൽ അവന്റെ ചെവിയും കണ്ണും കൈയും കാലുമെല്ലാം ഞാനായിത്തീരും. അവൻ വല്ലതും ചോദിക്കുന്നപക്ഷം ഞാനത് കൊടുക്കുകതന്നെ ചെയ്യും. എന്നെ അഭയം പ്രാപിക്കുന്നപക്ഷം ഞാനവന് അഭയം നൽകും. സത്യവിശ്വാസിയുടെ ആത്മാവിന്റെ കാര്യത്തിൽ എനിക്കുണ്ടായ ചാഞ്ചല്യം പോലെ ഒരു കാര്യത്തിലും എനിക്ക് ചാഞ്ചല്യമുണ്ടായിട്ടില്ല. അവൻ മരണത്തെ വെറുക്കുന്നു. ഞാനോ അവന് വെറുപ്പുണ്ടാക്കുന്ന കാര്യത്തെ ഇഷ്ടപ്പെടുന്നുമില്ല' (ബുഖാരി 6502). ഇമാം ദഹബി(റ)യും ഇമാം റശീദ് റിദാ(റ)യും പരമ്പരയുടെ അടിസ്ഥാനത്തിലും ആശയത്തിന്റെ അടിസ്ഥാനത്തിലും ഈ ഹദീസിനെ വിമർശിക്കുന്നു. ഇതിന്റെ പരമ്പരയിൽ വന്നിട്ടുള്ള വ്യക്തിയാണ് ഖാലിദുബ്നു മുഖല്ലദ്. ഇമാം ദഹബി(റ) ഈ മനുഷ്യനെ സംബന്ധിച്ച് വിവരിക്കുന്നത് കാണുക:

അബൂദാവൂദ് (റ) പറയുന്നു: ഇയാൾ ശീഈ ചിന്താഗതിക്കാരനാണ്. ഇമാം അഹ്മദ് (റ) പറയുന്നു: ഇയാൾ നിഷിദ്ധമായ ഹദീസുകളുടെ ഉടമസ്ഥനാണ്. അബൂ ഹാതിം(റ) പറയുന്നു: ഇയാളുടെ ഹദീസുകൾ എഴുതിവെക്കാം എന്നല്ലാതെ തെളിവായി



**ബുഖാരി സ്ഥിരപ്പെടുത്തിയ ഹദീസുകൾ ചിലപ്പോൾ മുസ്‌ലിമിന്റെയും മുസ്‌ലിം സ്ഥിരപ്പെടുത്തിയ ചില ഹദീസുകൾ ബുഖാരിയുടെയും വീക്ഷണത്തിൽതന്നെ ദുർബലമായതുമായിരിക്കും. ഹദീസ് അംഗീകരിക്കാനുള്ള അടിസ്ഥാനനിയമങ്ങളിൽ പോലും ഹദീസ് പണ്ഡിതന്മാർക്കിടയിൽ ഭിന്നതയും നിലനിൽക്കുന്നു. ചുരുക്കത്തിൽ ഹദീസുകൾതന്നെ പ്രമാണമല്ലെന്ന് വാദിക്കലും വിശ്വസിക്കലുമാണ് ഹദീസ് നിഷേധം. അല്ലാതെ ഏതെങ്കിലും ഒരു ഹദീസിനെ നിരൂപണം നടത്തുന്നത് ഹദീസ് നിഷേധമല്ല.**

ഉദ്ധരിക്കാൻ പാടില്ല. ഇമാം ഇബ്നുസഅ്ദ്(റ) പറയുന്നു: നിഷിദ്ധമായ ഹദീസിന്റെ ആളാണ്. ശീഇൗ വിശ്വാസത്തിൽ അതിർ കവിയുന്ന വ്യക്തിയുമാണ്. ഇമാം ജസിജാനി(റ) പറയുന്നു: ഇയാൾ സ്വഹാബിമാരെ ശകാരിക്കുന്നവനും ചീത്ത മദ്ഹബ് പ്രഖ്യാപിച്ചവനുമാണ്. ഇയാളുടെ ഒറ്റപ്പെട്ട ഹദീസിൽ പെട്ടതാണ് ഇമാം ബുഖാരി ഉദ്ധരിച്ച എന്റെ ഒരു മിത്രത്തോട് വല്ലവനും ശത്രുത കാണിച്ചാൽ... എന്നു പറയുന്ന ഹദീസ്. ഈ ഹദീസ് വളരെയധികം അപരിചിതമായ ഒരു ഹദീസാണ്. സ്വഹീഹ് ബുഖാരിയോട് പണ്ഡിതന്മാർക്കുള്ള ആദരവ് ഇല്ലായിരുന്നുവെങ്കിൽ അവർ ഈ ഹദീസിനെ ഖാലിദുബ്നു മഖ്‌ലമ എന്നയാളുടെ നിഷിദ്ധമായ ഹദീസിന് മാതൃകയായി എടുത്തുകാണിക്കുമായിരുന്നു. ഇതിന് കാരണം ഈ ഹദീസിന്റെ പദങ്ങളുടെ അപരിചിതത്വവും ശുറൈക് എന്ന ആൾ പരമ്പരയിൽ ഉള്ളതുമാണ്. ഇയാൾ ഹാഫിള് അല്ല. അത്വാഅ് എന്നയാൾ ആരാണെന്നതിലും അഭിപ്രായ ഭിന്നതയുണ്ട്.' (*മീസാൻ* 1/624,625)

ഈ ഹദീസ് ഇമാം ബുഖാരി മാത്രമാണ് ഉദ്ധരിക്കുന്നത്. ഇതിന്റെ പരമ്പരയിൽ അവ്യക്തതയുണ്ട്. ആശയത്തിൽ ഉള്ളതുപോലെതന്നെ. ഖാലിദിനെ ഇമാം അഹ്മദും മറ്റും വിമർശിച്ചിട്ടുണ്ട്. ഇതിന്റെ പരമ്പരകൾ എല്ലാംതന്നെ ദുർബലമാണെന്ന് ഹാഫിദ് ഇബ്നു റജബ്(റ) പറയുന്നു.' (*തഫ്സീറുൽ മനാർ* 11/420)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) അരുളി: 'ഇബ്റാഹീം മൂന്ന് കളവല്ലാതെ പറഞ്ഞിട്ടില്ല' (ബുഖാരി: 3357, മുസ്‌ലിം: ) ഇമാം റാസി(റ) ഈ ഹദീസിനെ സംബന്ധിച്ച് പറയുന്നു: "നബിമാരിലേക്ക് കളവിനെ ചേർക്കുന്നതിനേക്കാൾ ഉത്തമം ഈ ഹദീസിന്റെ നിവേദകന്മാരിലേക്ക് കളവിനെ ചേർക്കുന്നതാണ്. ഇതിനുള്ള ഖണ്ഡിതമായ തെളിവാണ്, അല്ലാഹുവിന്റെ അനുമതിയോടുകൂടി ഒരു നന്മക്കുവേണ്ടി കളവ് പറയാം എന്ന് വന്നാൽ നബിമാർ പറയുന്ന എല്ലാ കാര്യത്തിലും അവർ നന്മക്ക് വേണ്ടി കളവ് പറഞ്ഞതാണെന്ന സാധ്യത ഉണ്ടായിത്തീരും എന്നത്. ഇത് മതത്തിന്റെ വിശ്വാസ്യതയെ ഇല്ലാതാക്കും. എല്ലാ കാര്യത്തിലും സംശയങ്ങൾ ഉണ്ടാക്കും." (റാസി 11/186 സൂറഃ *അൽഅമ്പിയാഇന്റെ* വ്യാഖ്യാനം)

ഇമാം ദാറഖുത്നി(റ) നിവേദക പരമ്പരയെ (രിവായത്ത്) അടിസ്ഥാനമാക്കി ബുഖാരിയിലെ നൂറിലധികം ഹദീസുകളെ വിമർശിക്കുന്നത് കാണാം. ഇതിന് മറ്റുള്ളവർ മറുപടി പറഞ്ഞു എന്നത്, ദാറഖുത്നി(റ) വിമർശിച്ചിട്ടുണ്ടെന്ന യാഥാർഥ്യത്തെ ഇല്ലാതാക്കുന്നില്ല.

അബൂഹുറയ്റ(റ)യെ ഫിത്വ്ർ സകാത്തിന് നബി(സ) കാവൽ നിർത്തിയപ്പോൾ പിശാച് വന്ന് അത് മോഷ്ടിക്കാൻ ശ്രമിച്ചതായി പറയുന്ന ബുഖാരിയിലെ 2311-ാം നമ്പർ ഹദീസിനെ സംബന്ധിച്ച് ഇബ്നു ഹജർ(റ) ഉദ്ധരിക്കുന്നത് കാണുക: 'ഇബ്നുൽ അറബി വാദിക്കുന്നത് ഈ ഹദീസ് പരമ്പര മുറിഞ്ഞതാണെന്നാണ്.' (*ഫത്ഹുൽ ബാരി* 6/394)

ബുഖാരി ഉദ്ധരിച്ച 2780-ാം നമ്പർ ഹദീസിന്റെ പരമ്പരയിൽ വന്നിട്ടുള്ള മുഹമ്മദുബ്നു അബീഖാസിമിനെ സംബന്ധിച്ച് ഇബ്നു ഹജർ പറയുന്നു: 'യഹ്യബ്നു മുഈനും അബൂഹാതിമും ഇയാൾ വിശ്വസ്തനാണെന്ന് പറയുന്നു. ഇമാം ബുഖാരി(റ) ഇയാൾ വിശ്വസ്തനാണ് എന്നോ അല്ല എന്നോ പറയുന്നില്ല.' എന്നിട്ടും ഇയാളുടെ ഈ ഹദീസ് ഇവിടെ ഉദ്ധരിക്കുന്നു. ബുഖാരിയിൽനിന്ന് നസഫി ഉദ്ധരിക്കുന്നു: ഇയാളെ സംബന്ധിച്ച് ഞാൻ കൊതിച്ചത് ആരും പറഞ്ഞത് എനിക്കറിയുകയില്ല' (*ഫത്ഹുൽ ബാരി* 7/336). ഈ ഹദീസ് മാത്രമാണ് ഇയാളിൽനിന്ന് ബുഖാരി ഉദ്ധരിച്ചതെന്ന് ഇബ്നു ഹജർ (റ) ശേഷം പറയുന്നു. ■